THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# GRADE-X
# QUESTION BANK
# CHAPTER-II
## കടൽത്തീരത്ത്

**I.** ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക

**1.** അപരിചിതരുടെ താല്പര്യരഹിതമായ സംഭാഷണം വെള്ളായിയപ്പന് അനുഭവപ്പെടുന്നതെങ്ങനെ**?**

**2.** ഖസാക്കിന്റെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന എഴുത്തുകാരൻ**?**

**3.** കാറ്റ് ശക്തമായ സാന്നിധ്യമാകുന്ന ഒ വി വിജയൻറെ കഥ ഏത്**?**

**4.** കടൽത്തീരത്ത് എന്ന പാഠം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു**?**

**5.** ആർക്കാണ് വെള്ളായിയപ്പൻ പണം നൽകാനുള്ളത്**?**

**6.** വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകൾ ആണ് ആരുടെ വാക്കുകൾ**?**

**7.** കാറ്റ് ദൈവസാന്ദ്രമായത് എവിടെയാണ്**?**

**8.** ആരാണ് കടൽത്തീരത്ത് എന്ന കഥയിലെ പ്രധാന കഥാപാത്രം**?**

**9.** ഊട്ടു ദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നത് പോലെ തോന്നിയത് എവിടെയാണ്**?**

**10.** കണ്ണുനീരിന്റെ ഓതം തോർത്തിൻറെ കെട്ടിലൂടെ കുതിർന്നു പിടിക്കുന്ന ഓതം എന്ന പദത്തിൻറെ അർത്ഥം**?**

**11.**കടൽത്തീരത്ത് എന്ന കഥയിൽ ജീവനുള്ള കഥാപാത്രങ്ങൾക്കൊപ്പം സ്ഥാനം നേടിയത് എന്ത്**?**

**12.**പുഴയുടെ നടുക്കെത്തിയപ്പോൾ വെള്ളായിയപ്പനെ തളർത്തിയത് എന്ത്**?**

**13.**വെള്ളായിയപ്പന്റെ യാത്രയിലെ ഒരു ഘട്ടം കഴിഞ്ഞത് എപ്പോൾ**?**

**14.**കൊല കയറുപോലെ വെള്ളായിയപ്പനെ ശ്വാസംമുട്ടിക്കുന്നത് എന്ത്**?**

**15.**താറാവുകാരൻ കടലാസ് നിവർത്തി നോക്കിയത് എങ്ങനെ**?**

**16.**വിദ്വേഷവും നിന്ദയും പകയും ഇല്ലാത്ത കുരുക്കുകൾ അവ ചുറ്റി പിടിച്ചു ശ്വാസംമുട്ടിക്കുന്നു**.** ഇവിടെ സൂചിപ്പിക്കുന്നത് എന്ത്**?**

**17.**ബലിക്കാക്കകൾ എവിടെനിന്നാണ് പറന്നിറങ്ങിയത്**?**

**18.**വെള്ളായിയപ്പന്റെ കൈപ്പടങ്ങളെ നനച്ചത് എന്ത്**?**

**19.**വെള്ളായിയപ്പൻ സമയമറിഞ്ഞതെങ്ങനെ**?**

**20.**കണ്ടുണ്ണിയുടെ ദേഹത്തെ വെള്ളായിയപ്പൻ ഏറ്റുവാങ്ങുന്നത് എങ്ങനെ**?**

**II.a.**പ്രയോഗം മാറ്റുക

**1.**വെള്ളായിയപ്പൻ വിളിച്ചു

**2.**മകനെ വെള്ളായിയപ്പൻ ഓർത്തു

**3.**മേധാവികൾ കടലാസ് പരിശോധിക്കുന്നു

**4.**അപരിചിതനെ പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി

**5.**ഒരു താറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു

**b.**അംഗവാക്യം അംഗി വാക്യം എഴുതുക

**1.**വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു

**2.**പറമ്പിലെ മഞ്ഞ പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു

**3.**പുഴകടന്ന് അപ്പുറത്തെ മേട്ട കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു

**III.**ഉത്തരം എഴുതുക

**1.**"അപരിചിതന്റെ സംഭാഷണം കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റുമുറുകി."

"രണ്ടുവാക്കുകൾ മാത്രം. രണ്ടു വാക്കു കൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്." -

ഇത്തരത്തിൽ അർത്ഥപൂർണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

**2.**പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

**3.**"മലയിൽ ആറ്റിത്തണുപ്പിച്ച വെയില്, ചുരത്തിലൂടെ മലവെള്ളം പോലെ ആർത്തിരമ്പി പാലക്കാട്ടേയ്ക്ക് വീശുന്ന കിഴക്കൻകാറ്റ്. ഊണുകഴിച്ച് പായവിരിച്ച് ഉറങ്ങാൻ കിടന്നു. വർഷങ്ങൾക്കു ശേഷം ആദ്യമായി എയർകണ്ടീഷണറില്ലാതെ ഉറങ്ങുകയാണ്. പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം."

"ചുരത്തിലൂടെ കടലേറ്റംപോലെ കിഴക്കൻ കാറ്റ് തിരതല്ലി."

"തസ്കരനെ വാല്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു.

(-കാറ്റ് പറഞ്ഞ കഥ -ഒ.വി.വിജയൻ)

-ഒ.വി.വിജയന്റെ കഥകളിൽ കാറ്റ് ശക്തമായ സാന്നിധ്യമാണ്. കാറ്റ് പറഞ്ഞ കഥ, കടൽത്തീരത്ത് എന്നീ കഥകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**4.1.** ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി

**2.** യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല.

**3.** കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു."

- കഥയുടെ വൈകാരികതലം വർധിപ്പിക്കുന്നതിൽ ഭാഷ പ്രധാന പങ്കുവഹിക്കുന്നു. തന്നിരിക്കുന്ന സൂചനകളും കഥയും പരിഗണിച്ച് പ്രസ്താവനയോട് പ്രതികരിച്ച് നിരൂപണം തയാറാക്കുക.

**5.**"ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?

പാറാവുകാരൻ പരുക്കനായി പറഞ്ഞു. "ആപ്പീസ് തൊറക്കട്ടെ." .. ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി. -പാറാവുകാരന്റെ ഈ മനോഭാവത്തിന്റെ കാരണം സന്ദർഭം വിശകലനം ചെയ്ത് കണ്ടെത്തുക

**6.1.**ഉവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞി നനവ് കെയിൽ തട്ടി.

**2.**ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ.

-കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു.

പൊതിച്ചോറിന് കഥയിൽ ഒരു സവിശേഷ സ്ഥാനമുണ്ട്. സന്ദർഭങ്ങൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുക

**7.**"പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി." -പ്രയോഗഭംഗി കുറിക്കുക.

**8.**വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?

**9.**"ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന."

"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത. നീണ്ടുപോകുന്നു."

-ഗദ്യഭാഷയും കാവ്യാത്മകമാണ്. കഥയിലെ കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക.

**10.**"കടൽത്തീരത്ത് എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക

സൂചനകൾ:

**1.** കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ

2. രചനാതന്ത്രം
3. പാരിസ്ഥിതികപശ്ചാത്തലം
4. ആഖ്യാനശൈലി
5. സാമൂഹികപശ്ചാത്തലം